# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-26

യു. എം. എൽ. പി. എസ്
തിരുവില്വാമല

# ശ്രീ.എം.എൽ.പി. സ്കൂൾ തിരുവില്വാമല



## സ്ക്കൂൾ വികസന പദ്ധതി

ചാപ്റ്റർ-1

Profile

വിദ്യാലയത്തിന്റെ പേര് - ഗു എം എൽ.പി.എസ് തിരുവില്വാമല

വില്ലേജ്/വാർഡ് - കണിയാർക്കോട്-13

CRC - ജി.യു.പി.എസ് കുത്താമ്പുള്ളി

പഞ്ചായത്ത് - തിരുവില്വാമല

ബ്ലോക്ക് പഞ്ചായത്ത് - പഴയന്നൂർ

ജില്ല - തൃശ്ശൂർ

പ്രധാനാധ്യാപികയുടെ പേര് - ചന്ദ്രിക.പി.കൃ

# ആമുഖം

## യു. എം. എൽ. പി. എസ്. തിരുവില്വാമല.

6/29/2017

Thiruvilwamala - Google Maps

Google Maps Thiruvilwamala




1917 ൽ ശ്രീ. കിണറ്റിൻകര ഗോവിന്ദനുണ്ണി യജമാനൻ സ്ഥാപിച്ച ഈ വിദ്യാലയം പ്രാഥമിക വിദ്യാഭ്യാസം രേഖാമൂലം നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ സ്ഥാപിച്ചതാണ്. വളരെ താഴ്ന്ന നിലവാരത്തിലുള്ള ഒരു ജനതയുടെ ആവാസ സ്ഥലമായിരുന്ന ഈ പ്രദേശത്ത്

തൊട്ടുകൂടായ്മയും സവർണ്ണ മേധാവിത്വം കൊടികുത്തിവാണിരുന്നു. സവർണ്ണരും ചുരുക്കം ചില മുതലിയാർ സമുദായക്കാരും മാത്രമായിരുന്നു. ആദ്യകാല വിദ്യാർത്ഥികൾ ശ്രീ. പി. എച്ച്. അബ്ദുൾകരീം മാനേജരായുള്ളതും ഏഴ് അധ്യാപകരുള്ളതുമായ ഈ വിദ്യാലയത്തിൽ ഇന്ന് ഇരുനൂറോളം കുട്ടികൾ വിദ്യ അഭ്യസിക്കുന്നു.

അമ്പതോളം വിദ്യാർത്ഥികളുമായി തുടങ്ങിയ ഈ വിദ്യാലയം ഇന്ന് കലാകായിക - ശാസ്ത്ര - പ്രവൃത്തി പരിചയ മേഖലകളിലെല്ലാം തങ്ങളുടെ കഴിവുകൾ ഉയർത്തുവാൻ ശ്രദ്ധ ചെലുത്തുന്നു.

തൃശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിൽ പ്രകൃതി കനിഞ്ഞനുഗ്രഹിച്ച തിരുവില്വാമലയിൽ എരവത്തൊടി പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയത്തിന് ശക്തി പകരാൻ വാദ്യകലാരംഗത്തും നാടൻ കലാരംഗത്തും നെയ്ത്തുമേഖലയിലും പ്രവർത്തിക്കുന്ന ഒരു ജനതയുണ്ട്.

വാദ്യവീചികൾ തീർത്തും, കരിങ്കലിൽ ശിൽപങ്ങൾ ഉണ്ടാക്കിയും തടിയിൽ മികവുറ്റ ഉപകരണങ്ങൾ പണിതും നൂലിഴകളിൽ കവിത തീർത്തും ജീവിതം കരുപ്പിടിപ്പിക്കാനുള്ള തത്രപ്പാടിൽ PTA അംഗങ്ങൾക്ക് വിദ്യാലയ വികസനപ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം ഉറപ്പാക്കാൻ കഴിയാത്ത സാഹചര്യം വിദ്യാലയത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് വിലങ്ങുതടിയായി നിൽക്കുന്നു.

സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള ഈ പ്രദേശത്തെ വിദ്യാലയത്തിന് BRC, പഞ്ചായത്ത് സർക്കാർ തുടങ്ങിയ കേന്ദ്രങ്ങളിൽനിന്നും പൂർവ്വവിദ്യാർത്ഥികളിൽ നിന്നും സഹായം ലഭ്യമാവുകയാണെങ്കിൽ മുന്നോട്ടുള്ള യാത്ര സുഗമമാകും.

## വിദ്യാലയത്തിലെ ഭൗതികാന്തരീക്ഷം - നിലവിലെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ള |
|---|---|---|
| അഡീഷണൽ ക്ലാസ്മുറി | 0 | 4 |
| ആൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | 4 | 0 |
| പെൺകുട്ടികൾക്കുള്ള പ്രത്യേക ടോയ്‌ലറ്റ് | 0 | 2 |
| സുരക്ഷിതവും ആവശ്യാനുസരണം ഉപയോഗിക്കുവാൻ കഴിയുന്ന തരത്തിലുള്ള കുടിവെള്ള സൗകര്യം | കിണർ | വാട്ടർപ്യൂരിഫ |
| പ്രധാന അധ്യാപകമുറി | 0 | 1 |
| ചുറ്റുമതിൽ / ഹരിതവേലി / മറ്റു വേലികൾ | 0 | ചുറ്റുമതിൽ |
| കളിസ്ഥലം | 0 | 0 |
| ക്ലാസ്മുറിയിൽ റാഡ് വിത്ത് ഹാന്റ് റെയിൽ | 1 | 1 |
| അടുക്കള | 1 | 1 |
| എൽ. പി. തലത്തിൽ | 5 | 2 |

## വിദ്യാലയങ്ങളിലെ ഐ.ടി അനുബന്ധ സൗകര്യങ്ങളുടെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യം |
|---|---|---|
| കമ്പ്യൂട്ടർ- ഡെസ്ക്ടോപ്പ് | 1 | 9 |
| ലാപ്ടോപ്പ് | 7 | — |
| പ്രൊജക്ടർ - എൽ സിഡി | 1 | - |
| റേഡിയോ | - | 2 |
| ടിവി | - | 2 |
| വിക്ടർ ചാനലിന്റെ ലഭ്യത | 1 | |
| ഡിവിഡി പ്ലേയർ | - | 2 |
| ഇന്റർനെറ്റ് കണക്ഷൻ | 1 | - |
| വിദ്യാലയത്തിന് സ്വന്തമായി വെബ്സൈറ്റ് | 1 | - |
| ബ്ലോഗ് | 1 | - |
| ഇ.മെയിൽ ഐ.ഡി | 1 | - |
| സ്മാർട്ട് ക്ലാസ് റൂം | 1 | - |
| ഇന്ററാക്ടീവ് വൈറ്റ് ബോർഡ് | - | 7 |

## വിദ്യാലയങ്ങളിലെ ഐ.ടി അനുബന്ധ സാമഗ്രികളുടെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യം |
|---|---|---|
| കമ്പ്യൂട്ടർ - ഡെസ്ക് ടോപ്പ് | 1 | 9 |
| ലാപ്ടോപ്പ് | 7 | – |
| പ്രൊജക്ടർ – എൽ.സി.ഡി | 1 | – |
| റേഡിയോ | – | 2 |
| ടി.വി | – | 2 |
| വിക്ടർ ചാനലിന്റെ ലഭ്യത | 1 | |
| ഡി വി ഡി പ്ലെയർ | – | 2 |
| ഇന്റർനെറ്റ് കണക്ഷൻ | 1 | - |
| വിദ്യാലയത്തിന് സ്വന്തമായി വെബ്സൈറ്റ് | 1 | - |
| ബ്ലോഗ് | 1 | - |
| ഇ മെയിൽ ഐ.ഡി | 1 | - |
| സ്മാർട്ട് ക്ലാസ് റൂം | 1 | - |
| ഇന്ററാക്ടീവ് വൈറ്റ് ബോർഡ് | - | 7 |

വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള അനുബന്ധ സംവിധാനങ്ങൾ നിലവിലെ അവസ്ഥ

| വിഭാഗം | നിലവിലെ അവസ്ഥ [കഴിഞ്ഞ കാല പ്രവർത്തനങ്ങളുടെ വിലയിരുത്തൽ] |
|---|---|
| എസ്. ആർ. ജി | ആഴ്ചയിൽ ഒന്നുവീതം |
| പി. ടി. എ | ടേമിൽ ഒന്നുവീതം |
| എം. പി. ടി. എ | ടേമിൽ ഒന്നുവീതം |
| എസ്. എം. സി | ടേമിൽ ഒന്നുവീതം |
| എസ്. എസ്. ജി | ടേമിൽ ഒന്നുവീതം |
| സ്കൂൾ വികസന സമിതി ക്ലാസ് പ്രവർത്തനങ്ങൾ | വർഷത്തിൽ രണ്ടുവീതം |
| വനിതാ ക്ലബ്, സുരക്ഷാ ക്ലബ് | ആഴ്ചയിൽ ഒന്നുവീതം |
| സാമൂഹിക ശാസ്ത്ര ക്ലബ് | ആഴ്ചയിൽ ഒന്നുവീതം |
| ഹരിത ക്ലബ് | ആഴ്ചയിൽ ഒന്നുവീതം |
| ആരോഗ്യ ക്ലബ്, വിദ്യാരംഗം | ആഴ്ചയിൽ ഒന്നുവീതം |
| ലൈബ്രറി | നാനൂറോളം പുസ്തകങ്ങൾ ഓരോ ക്ലാസിലും വായനാമൂല പാഠഭാഗങ്ങൾക്കനുസരിച്ച് പുസ്തക വിതരണം ആഴ്ചയിലൊരിക്കൽ ബുക്ക് റിവ്യു. |

## നിലവിലെ അവസ്ഥ:

2025-26 ലെ എല്ലാ പ്രവർത്തനങ്ങളിലും സാമൂഹിക പങ്കാളിത്തം ഉറപ്പു വരുത്തിയിട്ടുണ്ട്. 2024-25 അധ്യയന വർഷത്തിൽ ഉച്ചഭക്ഷണ ഫണ്ടിന്റെ സഹായത്തോടെ പുതിയൊരു അടുക്കള നിർമ്മിച്ചു. അതുപോലെ കുട്ടികൾക്കായി പ്രകൃതി സൗഹൃദ ശൗചാലയം ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ നിർമ്മിക്കുകയുണ്ടായി. സ്കൂളിലെ അദ്ധ്യാപക-അനധ്യാപകരുടെ എല്ലാ പ്രവർത്തനങ്ങളിലും രക്ഷിതാക്കളുടെ നിർലോഭമായ സഹകരണം ഇതുവരെ ഉണ്ടായിട്ടുണ്ട്. സ്കൂളിനായി പുതിയൊരു കെട്ടിടത്തിന്റെ നിർമ്മാണ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. തുടർന്നും എല്ലാവരുടെയും സഹകരണത്തോടെ എല്ലാ മേഖലകളിലും മുന്നേറാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

---

# 2025-26

അക്കാദമിക പ്രവർത്തന ആസൂത്രണത്തിന്റെ ഭാഗമായി ജൂൺ മാസത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

| തിയ്യതി | പ്രവർത്തനം | ചുമതല |
|---|---|---|
| | പ്രവേശനോത്സവം, മധുര പലഹാര വിതരണം, പഠനോപകരണങ്ങളുടെ വിതരണം, പൂക്കൾ, ബലൂൺ എന്നിവ നൽകി നവാഗതരെ സ്വാഗതം ചെയ്യുന്നു. | PTA |
| | രക്ഷിതാക്കൾ കുട്ടികൾക്കൊപ്പം നിൽക്കുക, അവരെ പിന്തുണക്കുക എന്നിവ ലക്ഷ്യമാക്കിയുള്ള രക്ഷാകർതൃ ശാക്തീകരണ ക്ലാസ് - 'രക്ഷാകർതൃ വിദ്യാഭ്യാസം' | ക്ലാസ് അധ്യാപകർ |
| | ക്ലാസ് PTA | |
| | SRG | |
| | പ്രീ-പ്രൈമറി പ്രവേശനോത്സവം, [illegible]. | |
| | വിജയോത്സവം [LSS വിജയികൾ, SSLC full A+ വിജയികൾക്കുള്ള സമ്മാനദാനം] | |

| | |
|---|---|
| പ്രീ-പ്രൈമറി പ്രവേശനോത്സവം. | |
| ലോക പരിസ്ഥിതി ദിനം-<br>പോസ്റ്റർ രചന, തൈകൾ കൈമാറൽ, വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം, പരിസ്ഥിതി ദിന പ്രതിജ്ഞ ചൊല്ലൽ, പരിസ്ഥിതി ഗാനങ്ങൾ, പ്രസംഗം, വിവിധ പ്രവർത്തനങ്ങൾ ഓരോ ദിവസങ്ങൾക്ക് കൃത്യമായി നിശ്ചയിച്ചു. | ഹരിതക്ലബ്<br>SRG<br>ശാസ്ത്രക്ലബ്<br>ഹെൽത്ത് ക്ലബ് |
| വായനാദിനം<br>വായനോത്സവം - ഉദ്ഘാടനം<br>[ഒന്നാം ക്ലാസ്സിൽ വർഷം മുഴുവൻ വായന].<br>വായനാമത്സരം<br>ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ.<br>വായനാമൂല സജ്ജീകരിക്കൽ<br>പുസ്തകപ്രദർശനം.<br>ലൈബ്രറി നവീകരണം | വിദ്യാരംഗം കലാസാഹിത്യ വേദി<br>SRG |
| യോഗ ദിനം | Scout and Guide |
| ലഹരി വിരുദ്ധ ദിനം<br>ബോധവൽക്കരണ ക്ലാസ്സ് | ശാസ്ത്രക്ലബ് |
| രണ്ടാഴ്ച കൂടുമ്പോൾ SRG<br>അക്കാദമിക നേട്ടങ്ങൾ, വിടവുകൾ ചർച്ച - പരിഹാരപ്രവർത്തനങ്ങൾ | SRG |
| ബാലസഭ | |

# ജൂലായ് 2025

| തീയതി | പ്രവർത്തനം | ചുമതല |
|---|---|---|
| 5/7/25 | ബഷീർദിനം<br>ബഷീർ കഥകൾ - പരിചയപ്പെടൽ<br>കഥാപാത്ര അനുകരണം<br>മറ്റു അനുബന്ധ പ്രവർത്തനങ്ങൾ | വിദ്യാരംഗം<br>ഭാഷാക്ലബ് |
| 11/7/25 | ലോക ജനസംഖ്യാദിനം | SRG. |
| 21/7/25 | ചാന്ദ്രദിനം<br>· CD പ്രദർശനം<br>ചുവർപത്രിക നിർമാണം<br>ചാന്ദ്രമനുഷ്യൻ- അഭിമുഖം | ശാസ്ത്ര ക്ലബ്ബ് |
| 8/7/25 | ലോക പ്രകൃതിസംരക്ഷണദിനം<br>ബോധവൽക്കരണം, പോസ്റ്റർ രചന | |
| 1/7 | ലോക ജനസംഖ്യാദിനം<br>ബോധവൽക്കരണം | |
| | SRG യോഗം | SRG |
| | ബാലസഭ | |

# ആഗസ്റ്റ്-2025-26

| തീയതി. | പ്രവർത്തനം | ചുമതല |
|---|---|---|
| 8/2025 | ഹിരോഷിമ ദിനം - CO പ്രദർശനം, പോസ്റ്റർ നിർമാണം, പതിപ്പ്, സഡാക്കോ കൊക്ക് നിർമാണം. യുദ്ധവിരുദ്ധ റാലി. | ശാസ്ത്രക്ലബ് |
| 8/2025 | നാഗസാക്കി - ക്വിറ്റ് ഇന്ത്യ ദിനം - ക്വിസ്, പോസ്റ്ററുകൾ, [illegible], ബോധവൽക്കരണ പ്രവർത്തനങ്ങൾ. | " |
| 8/2025 | സ്വാതന്ത്ര്യ ദിനം - പതാക ഉയർത്തൽ, റാലി, സ്കിറ്റ്, ദേശഭക്തിഗാനാലാപനം, പതാക നിർമാണം, മധുര വിതരണം. | PTA, ക്ലാസ് അധ്യാപകർ. |
| 8/2025 | കർഷക ദിനം - കർഷകരുമായി അഭിമുഖം, ചോദ്യാവലി തയ്യാറാക്കൽ, കൃഷിസ്ഥലം സന്ദർശിക്കൽ. | |
| 8/2025 | ലോക നാട്ടറിവുദിനം - പഴമയിലേക്ക് പ്രദർശനം. | |
| '25. '25 | SRG യോഗം. | |
| 8/'25 | [illegible] | |

# സെപ്റ്റംബർ - 2025

| തീയതി | പ്രവർത്തനം | ചുമതല |
|---|---|---|
| 5/9/2025 | അധ്യാപകദിനം - അധ്യാപകരെ ആദരിക്കൽ, പ്രാധാന്യം ബോധ്യപ്പെടുത്തൽ, കുട്ടികൾ അധ്യാപകരാകൽ. | SRG. |
| " | ഓണാഘോഷം. ഓണസദ്യ, കളികൾ, മത്സരങ്ങൾ. | PTA |
| 8/9/2025 | ലോക [illegible]ദിനം. - [illegible] പ്രദർശനം. | SRG. |
| 16/9/2025 | ഓസോൺദിനം - പ്രാധാന്യം വ്യക്തമാക്കൽ, ക്വിസ്, പോസ്റ്റർ. | ശാസ്ത്ര ക്ലബ്ബ് |
| 24/9/2025 | ലോക പ്രഥമശുശ്രൂഷാദിനം - പ്രാധാന്യം വ്യക്തമാക്കൽ, ഇതിന്റെ Demonstration class | PTA. |
| [illegible]/9/2025, [illegible]/9/2025, [illegible]/9/2025 | SRG യോഗം. | |

# ഒക്ടോബർ - 2025

| തീയതി | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| 1/10/2025 | ലോക വൃദ്ധദിനം - വയോജനങ്ങളെ പരിചരിക്കേണ്ടതിന്റെയും ചേർത്തുപിടിക്കേണ്ടതിന്റെയും പ്രാധാന്യം ബോധ്യമാക്കൽ | അധ്യാപകർ |
| /10/2025 | ഗാന്ധിജയന്തി - പ്രാർത്ഥനായോഗം, ക്വിസ് മത്സരം, പോസ്റ്റർ രചന, ശുചീകരണം, ഗാന്ധി പ്രഭാഷണം | PTA |
| /10/2025 | ലോക പാർപ്പിടദിനം - താമസിക്കാൻ വീടില്ലാത്തവരുടെ ബുദ്ധിമുട്ടുകൾ - ചർച്ച | അധ്യാപകർ |
| /10/2025 | ലോക തപാൽദിനം - പോസ്റ്റ് ഓഫീസ് സന്ദർശനം, കത്തെഴുത്ത് | SRG |
| 10/10/2025 | ലോക മാനസിക ആരോഗ്യദിനം - മാനസിക വെല്ലുവിളി നേരിടുന്നവർ, അവരുടെ സംരക്ഷണം, ബോധവൽക്കരണം - ചർച്ച | PTA |
| /10/2025 | ലോക പ്രകൃതിക്ഷോഭ നിവാരണദിനം - പ്രകൃതിദുരന്തങ്ങൾ - കാരണം - ചർച്ച. മുൻകരുതലുകൾ, ബോധവൽക്കരണം | SRG |
| /10/2025 | ലോക ഭക്ഷ്യദിനം - ഭക്ഷണം, പോഷകാഹാരം, ആരോഗ്യവും, ഭക്ഷ്യവിഭവങ്ങൾ പാഴാക്കുന്നതിനെക്കുറിച്ച് short film പ്രദർശനം, പ്രസംഗം, ഭക്ഷ്യരചന | |
| /10/2025 | ലോക [illegible] ദിനം | |
| 13/10/2025 | SRG | |

# നവംബർ - 2025

| തീയതി | പ്രവർത്തനങ്ങൾ | ചുമതല. |
|---|---|---|
| 1/11/2025 | കേരളപ്പിറവി - മധുരവിതരണം, ക്വിസ് മത്സരം, കവിതച്ചൊല്ലൽ, പ്രച്ഛന്നവേഷം - കേരളത്തിലെ നായകരുടെ വേഷങ്ങൾ (പുരുഷരും സ്ത്രീകളും). | PTA |
| 0/11/2025 | വാഗൺ ട്രാജഡി ദിനം - പ്രാധാന്യം വ്യക്തമാക്കൽ | SRG. |
| 4/11/2025 | ശിശുദിനം - വിവിധ കലാപരിപാടികൾ, റാലി, പ്രച്ഛന്നവേഷം, കഥ, കവിത, പ്രസംഗം. ബാലസഭ. | |
| 3/11/2025 | SRG യോഗം. | |
| 17/11/2025 | | |

# ഡിസംബർ - 2025

| തീയതി | പ്രവർത്തനങ്ങൾ | ചുമതല. |
|---|---|---|
| 1/12/2025 | ലോക എയ്ഡ്സ് ദിനം - വിശദീകരിക്കൽ | ക്ലാസ് അധ്യാപകർ. |
| 2/12/2025 | മലിനീകരണ നിയന്ത്രണ ദിനം<br>പലതരം മാലിന്യങ്ങൾ - ദൂഷ്യവശങ്ങൾ, പരിഹാര മാർഗങ്ങൾ - ചർച്ച, ശേഖരണം, ഹരിത കർമ്മസേനാ പ്രവർത്തനങ്ങൾ | ശാസ്ത്ര ക്ലബ്ബ് |
| 3/12/2025 | ലോക ഭിന്നശേഷി ദിനം<br>- അകറ്റി നിർത്തേണ്ടവരല്ല ചേർത്തു-നിർത്തേണ്ടവരാണ് - അവർക്കായി പഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ | SRG. |
| 5/12/2025 | ലോക മണ്ണ് ദിനം - മണ്ണ് സംരക്ഷണം - ചർച്ച. | SRG. |
| 19/12/2025 | ക്രിസ്തുമസ് ആഘോഷം, ബാലസഭ. | |
| 1/12/2025<br>15/12/2025 | SRG. | |

# ജനുവരി - 2026

| തീയതി | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| 1/1/2026 | പുതുവത്സര ദിനം - ആഘോഷങ്ങൾ, മധുര വിതരണം. | SRG. |
| 26/1/26 | റിപ്പബ്ലിക് ദിനം - പതാക ഉയർത്തൽ, റാലി, കലാ പരിപാടികൾ, ക്വിസ്, പോസ്റ്റർ രചന. | |
| 5/1/2026<br>19/1/2026 | SRG യോഗം. | |
| 30/1/2026 | ബാലസഭ. | |

# ഫെബ്രുവരി - 2026

| തീയതി | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| 2/2/2026 | ലോക തണ്ണീർത്തട ദിനം<br>- ജലം സംരക്ഷണം - ചർച്ച | ശാസ്ത്രക്ലബ്ബ് |
| 21/2/2026 | അന്താരാഷ്ട്ര മാതൃഭാഷാദിനം<br>- പ്രാധാന്യം വിശദീകരിക്കൽ, ക്വിസ്, പ്രത്യേക അസംബ്ലി | ഭാഷാ ക്ലബ്ബ് |
| 22/2/2026 | ലോക സ്കൗട്ട് ദിനം. | സ്കൗട്ട്, ഗൈഡ്സ് |
| 28/2/2026 | ദേശീയ ശാസ്ത്രദിനം.<br>- C.V. രാമൻ ഇഫക്ട് - ചർച്ച, പരീക്ഷണങ്ങൾ, ശാസ്ത്രജ്ഞരെ പരിചയപ്പെടൽ. | ശാസ്ത്രക്ലബ്ബ് |
| 2/2/2026<br>16/2/2026 | SRG യോഗം. | |
| 27/2/2026 | ബാലസഭ. | |

# മാർച്ച് - 2026.

| തീയതി | പ്രവർത്തനങ്ങൾ | ചുമതല. |
|---|---|---|
| 8/3/2026. | വനിതാദിനം - പ്രാധാന്യം വ്യക്തമാക്കൽ | അധ്യാപകർ. |
| 21/3/2026 | ലോക വനദിനം - കാടുകൾ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം, വന്യമൃഗങ്ങൾ - നാട്ടിൽ - കാരണം, പരിഹാരങ്ങൾ. | ശാസ്ത്രക്ലബ്ബ്. |
| 22/3/2026 | ലോക ജലദിനം - ശുദ്ധജല സംരക്ഷണ പ്രവർത്തനങ്ങൾ, ആരോഗ്യപ്രശ്നകാരണങ്ങൾ - ചർച്ച, ജലസംരക്ഷണ പ്രവർത്തനങ്ങൾ | " |
| 23/3/2026 | ലോക കാലാവസ്ഥാദിനം - കാലാവസ്ഥാ വ്യതിയാനം - ചർച്ച. | " |
| 24/3/2025 | ലോക ക്ഷയരോഗ ദിനം - മുൻകരുതലുകൾ - ചർച്ച. | Health club. |
| 2/3/2026<br>16/3/2026 | SRG യോഗം. | |
| 20/3/26. | പഠനോത്സവം | PTA |

# ഗണിത പ്രവർത്തനങ്ങൾ - 2025 - 2026

കാഴ്ചപ്പാട്: അനുഭവങ്ങളിലൂടെയും കളികളിലൂടെയുമുള്ള വിദ്യാഭ്യാസം.

ലക്ഷ്യം: അറിവ് നിർമ്മാണ പ്രക്രിയയിലൂടെ കുട്ടികളുടെ സർവ്വതോന്മുഖമായ വിദ്യാഭ്യാസം

പ്രവർത്തനങ്ങൾ:

1) One day one question: എല്ലാ ദിവസവും അസംബ്ലിയിൽ പൊതുവിജ്ഞാനവുമായി ബന്ധപ്പെട്ട ഒരു ചോദ്യം ചോദിച്ച് ഉത്തരം പറയുന്ന കുട്ടിക്ക് സമ്മാനം നൽകി അഭിനന്ദിക്കുന്നു. പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് ഈ പ്രവർത്തനം വളരെയധികം സഹായിക്കും.

2) ഗണിത ക്വിസ്: ആഴ്ചയിൽ ഒരു ദിവസം ഒരു ഗണിത ചോദ്യമോ പസിലോ നൽകി കണ്ടെത്തി വരാൻ പറയുന്നു.

3) വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട ക്വിസ് മത്സരം നടത്തുന്നു.

4) English day: എല്ലാ വെള്ളിയാഴ്ചയും അസംബ്ലിയിൽ എല്ലാ കാര്യ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ നടത്തുന്നു.

5) Hello English: കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് വർദ്ധിപ്പിക്കുന്നതിനായി 3,4 ക്ലാസ്സുകളിലെ കുട്ടികൾക്ക് വിവിധ wordgame, spoken English എന്നിവ നടത്തുന്നു.

ഇംഗ്ലീഷ് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസുകൾ നടത്തുന്നു.

മലയാളത്തിളക്കം: ഓരോ ക്ലാസുകളിലെയും വായിക്കാനും എഴുതാനും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം പരിശീലനം നൽകുന്നു.

Word Album: ഒന്ന്, രണ്ട് ക്ലാസുകളിലെ കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിനായും ആവശ്യാനുസരണം വാക്കുകൾ പ്രയോഗിക്കാൻ പ്രാപ്തരാക്കാനും വേണ്ടി ഓരോ പാഠത്തിലെയും പുതിയ വാക്കുകൾ ഉൾപ്പെടുത്തി word Album നിർമിക്കുന്നു.

ഗണിതം കളിയിലൂടെ:-

ഗണിത പ്രവർത്തനങ്ങളിൽ കുട്ടികളെ ആകർഷിക്കാനും താൽപര്യം ജനിപ്പിക്കാനും കുട്ടികളുടെ ചിന്താശേഷി വളർത്തുവാനും ഉതകുന്ന ഗണിതകേളികൾ നടത്തിവരുന്നു. ഉല്ലാസഗണിതം, ഗണിതവിജയം പദ്ധതികളുടെ ഭാഗമായി ലഭിച്ച ഉപകരണങ്ങൾ ഇതിനായി ഉപയോഗിക്കുന്നു.

3. No Plastic:

പ്ലാസ്റ്റിക് നിർമാർജ്ജനത്തിന്റെ ആവശ്യകത മനസ്സിലാക്കി, പ്രകൃതി സംരക്ഷണത്തിന് ഒരു ചുവട്- സ്കൂളിൽ നടത്തി വരുന്ന പദ്ധതിയാണിത്. പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം പരമാവധി

ഇംഗ്ലീഷ് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസുകൾ നടത്തുന്നു.

മലയാളത്തിളക്കം: ഓരോ ക്ലാസ്സുകളിലെയും മലയാളം വായിക്കാനും എഴുതാനും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം പരിശീലനം നൽകുന്നു.

Word Album: ഒന്ന്, രണ്ട് ക്ലാസ്സുകളിലെ കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിനായും ആവശ്യാനുസരണം വാക്കുകൾ പ്രയോഗിക്കാൻ പ്രാപ്തരാക്കാനും വേണ്ടി ഓരോ പാഠത്തിലെയും പുതിയ വാക്കുകൾ ഉൾപ്പെടുത്തി Word Album നിർമിക്കുന്നു.

ഗണിതം കളിയിലൂടെ:-

ഗണിത പ്രവർത്തനങ്ങളിൽ കൂടുതൽ ആകർഷിക്കാനും താൽപര്യം ജനിപ്പിക്കാനും കുട്ടികളുടെ ബുദ്ധിശക്തി വളർത്തുവാനും ഉതകുന്ന ഗണിതക്കളികൾ നടത്തിവരുന്നു. ഉല്ലാസഗണിതം, ഗണിതവിജയം പദ്ധതികളുടെ ഭാഗമായി ലഭിച്ച ഉപകരണങ്ങൾ ഇതിനായി ഉപയോഗിക്കുന്നു.

No Plastic:

പ്ലാസ്റ്റിക് നിർമാർജ്ജനത്തിന്റെ ആവശ്യകത മനസ്സിലാക്കി, പ്രകൃതി സംരക്ഷണത്തിന് ഒരു ചുവടു-വെപ്പായി നടത്തി വരുന്ന പദ്ധതിയാണിത്. പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം പരമാവധി

...യജ്ഞം. പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് ഹരിത-
കർമ്മസേനക്ക് കൈമാറിയും വിവിധങ്ങളായ 'ശീല്'
പ്രവർത്തനങ്ങളുടെ ഭാഗമായും സ്കൂളും പരിസ-
രവും പ്ലാസ്റ്റിക് മാലിന്യ മുക്തമാക്കാനുള്ള ശ്രമ-
ങ്ങളാണ് ഇ. നടന്നു വരുന്നു.

Say no to drugs:

ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി ലഹരി വിരുദ്ധ പോസ്റ്റർ, വീഡിയോ പ്രദർശനം, ബോധവൽക്കരണം, പ്രതിജ്ഞ തുടങ്ങിയ വിവിധ പ്രവർത്തനങ്ങൾ നടത്താൻ തീരുമാനിച്ചിരിക്കുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26



Std I

# ഉള്ളടക്കം


മലയാളം ക്ലാസ്

പ്രവർത്തന കലണ്ടർ

പാഠങ്ങൾ

സംയുക്ത ഡയറി

റീഡേഴ്സ് തിയേറ്റർ

വായനോത്സവം

രചനോത്സവം

വിലയിരുത്തൽ

ഗണിതം ക്ലാസ്

പരിസരപഠനം ക്ലാസ്

ഇംഗ്ലീഷ് ക്ലാസ്

## പ്രവർത്തന കലണ്ടർ

| പ്രവർത്തനങ്ങളുടെ പേര് | നടത്തേണ്ട കാലം |
| --- | --- |
| ദിനാചരണങ്ങൾ | ജൂൺ - മാർച്ച് |
| [illegible] | ജൂൺ - മാർച്ച് |
| വായനോത്സവം | ജൂൺ - മാർച്ച് |
| കലോത്സവം | ജൂൺ - മാർച്ച് |
| ഭാഷോത്സവം | ജനുവരി - മാർച്ച് |
| വിലയിരുത്തൽ | ജൂൺ - മാർച്ച് |

# ഭാഷ

ഒന്നാം ക്ലാസ്സിൽ പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട് പാഠങ്ങൾ വളരെ [illegible]
ലളിതമായിട്ടാണ് ഉള്ളത്. കുട്ടികളിൽ പഠനത്തിലും വളർച്ചയിലും പഠന
നൈപുണ്യങ്ങൾ വളർത്തുന്നതിനും സഹായകമാണ് പാഠങ്ങൾ [illegible] പാഠങ്ങൾ
പരിചയപ്പെടുത്തുന്നതിനും ഒരു പൊതുസമൂഹത്തിലേക്ക് [illegible]
കുട്ടികൾക്ക് അവസരം നൽകുന്ന പാഠങ്ങൾ വർണ്ണം ചിത്രങ്ങൾ [illegible]
പ്രവർത്തനമാണ്.

പോരായ്മകൾ :

* പാഠങ്ങളുടെ ഉള്ളിൽ അവതരിപ്പിക്കുന്ന. ആശയങ്ങൾ [illegible]
ങ്ങളിലൂടെ ആശയങ്ങളായി പോകുന്നു.
* പൊതുസമൂഹത്തിൽ പാഠങ്ങൾ, കവിതകൾ, അനുഭവങ്ങൾ [illegible]
ഒരുക്കും സരളമായും രസകരമായി അവതരിപ്പിക്കുന്നു
* പൊരുളിലെത്തുന്ന പാഠങ്ങൾ [illegible]
ഉൾക്കൊള്ളുന്നു.

* പാഠപുസ്തകത്തിലെ വരികളും വായ്ത്താരികളും താളത്തോടെയും ഈണത്തിലും സ്വന്തമായി ചൊല്ലുന്നു.
* പാട്ടുകളുടെ താളത്തിനനുസരിച്ച് ഒറ്റക്കും കൂട്ടായും കൈകൾ കൊട്ടുകയും ചുവടുകൾ വെക്കുകയും ശരീരം ചലിപ്പിക്കുകയും ചെയ്യുന്നു.

## സംയുക്തഡയറി

ഒന്നാം ക്ലാസിലെ കുട്ടികളെ സ്വതന്ത്രരചയിതാക്കളാക്കാൻ സംയുക്തഡയറി എഴുത്ത് ഏറെ സഹായകമാകുന്നുണ്ടെന്ന് രക്ഷിതാക്കളും അഭിപ്രായപ്പെടുന്നു.

## പഠനലക്ഷ്യങ്ങൾ

* കുട്ടിയുടെ സ്വതന്ത്രരചനാശേഷി വികസിപ്പിക്കുന്നു
* പരിചയിച്ച അക്ഷരങ്ങൾ പുതിയ രചനാസന്ദർഭങ്ങളിൽ നിരന്തരം പ്രയോഗിക്കാൻ അവസരം ഒരുക്കുന്നു
* കുട്ടിയുടെ അനുഭവങ്ങളും ചിന്തകളും ആശയങ്ങളും പ്രതി...

...ങ്ങളിലൂടെ കുട്ടികളെ എഴുത്തിലേക്ക് നയിക്കുന്നു.

## പ്രവർത്തന ഘട്ടങ്ങൾ

- ക്ലാസ് PTA യിൽ നൽകിയ ബോധ്യപ്പെടുത്തൽ
- മുൻവർഷത്തെ ഡയറി കാണാൻ അവസരം നൽകൽ
- ഡയറിയെഴുത്തുകൊണ്ടുണ്ടായ ഗുണപരമായ മാറ്റങ്ങൾ വിശദമാക്കൽ
- ഡയറിയെഴുത്തിന് വീട്ടിൽ പിന്തുണാന്തരീക്ഷം ഉറപ്പാക്കൽ
- ഡയറിയെഴുത്തിനായി ഓരോ കുട്ടിക്കും ഒരു നോട്ട്ബുക്ക് ഉറപ്പാക്കൽ
- സംയുക്ത ഡയറി എഴുത്തിൽ രക്ഷിതാക്കളുടെ പങ്ക് ഉറപ്പാക്കൽ
- എല്ലാ ദിവസവും ടീച്ചർ ഡയറി പരിശോധിക്കും.
- സംയുക്ത ഡയറിയുടെ പുരോഗതി അധ്യാപിക വിലയിരുത്തുന്നു [illegible]
- ജനുവരി മുതൽ മാർച്ച് വരെയുള്ള കാലയളവിൽ [illegible] ...ട്ടുകൾ ശേഖരിച്ച് പുസ്തകരൂപത്തിലാക്കും.
- ഡയറി പ്രകാശനം ചെയ്യുന്നു.

# വായനോത്സവം

## ലക്ഷ്യങ്ങൾ

* രക്ഷിതാക്കളെ കുട്ടികളുടെ വായനയിൽ പങ്കാളികളാക്കുന്നു.
* എല്ലാ കുട്ടികളെയും സ്വതന്ത്രവായനക്കാരാക്കുന്നു.
* വായിച്ചു ഗ്രഹിച്ച ആശയങ്ങൾ പങ്കിടുന്നതിലൂടെ വാചിക അവതരണ ശേഷി വികസിക്കുന്നു.
* എല്ലാ കുട്ടികൾക്കും വായിക്കുന്നതിനുള്ള പുസ്തകശേഖരം ഉണ്ടാക്കുക.

## പ്രവർത്തനഘട്ടങ്ങൾ

ജൂൺ – ക്ലാസ് ലൈബ്രറി ശേഖരിക്കൽ (ഒന്നാം ക്ലാസുകാരുടെ നിലവാരത്തിനനുസരിച്ച് ചിത്രങ്ങൾ കൂടുതലും എഴുത്തുകൾ

- class PTA

ജൂലൈ – കുട്ടിയും രക്ഷിതാവും ചേർന്നുള്ള വായന

- അമ്മ വായിച്ചു കേൾപ്പിച്ച കഥ ക്ലാസിൽ പറയുന്നു

ജനുവരി - ഭാവന
- കഥാപുസ്തകം നൽകുന്നു. കുട്ടി ചിത്രം നോക്കി കഥ പറയുന്നു (ഊഹം)
- അമ്മ കഥ വായിക്കുന്നു. ബാക്കി കഥാസന്ദർഭം നോക്കി കുട്ടി പറയുന്നു
- അമ്മ വിരൽ വെച്ച് വായിക്കുന്നു. കുട്ടി കേൾക്കുന്നു.
- കുട്ടി കഥ പറയുന്നു.
- CPTA യിൽ അവതരണം.

ഫിബ്രവരി - വായനവരി
- പുസ്തകം നോക്കി കുട്ടി തനിയെ വായിക്കാൻ ശ്രമിക്കുന്നു.
- അമ്മയുടെ സഹായത്തോടെ വായിക്കുന്നു.
- കഥയുടെ ആശയം കുട്ടി തന്നെ പറയുന്നു.
- CPTA യിൽ പുസ്തകപരിചയം നടത്തി കുട്ടി കഥ വായിക്കുന്നു.
- പഠനോത്സവത്തിൽ വെച്ച് കഥകൾ വായിക്കൽ.

മാർച്ച് - കലോത്സവം
- CPTA യിൽ പുസ്തകവായന, പുസ്തകാവതരണം എന്നിവ നടത്തൽ

ഏപ്രിൽ-മെയ് - അവധിക്കാലത്ത് കുട്ടികൾക്ക് പുസ്തകം നൽകുന്നു. വായനാവിവിധ്യം
- അനുഭവാവതരണം, ചിത്രീകരണം, ഇഷ്ടകഥാപാത്രം, സ്വന്തം [illegible]

രചനോത്സവം

പഠനലക്ഷ്യങ്ങൾ:

* കുട്ടികളുടെ സർഗാത്മകശേഷി വികസിപ്പിക്കുന്നതിന്
* സ്വന്തം രചനക്ക് അവസരം ഒരുക്കുന്നു (ലഘുവാക്യങ്ങൾ)
* അനുയോജ്യമായ ചിത്രം വരച്ച് രചനയെ ആകർഷകമാക്കുന്നു.
* രചനകൾ പഠനോത്സവത്തിൽ പ്രദർശിപ്പിക്കുന്നു; അവതരിപ്പിക്കുന്നു.

പ്രവർത്തനഘട്ടങ്ങൾ

- ഭാവന ഉണർത്തുന്ന ചിത്രങ്ങൾ തെരഞ്ഞെടുക്കൽ
- ലഘുചോദ്യങ്ങളിലൂടെ ചിത്രസന്ദർഭത്തെ വിശകലനം ചെയ്യൽ
- കുട്ടികളുടെ പ്രതികരണങ്ങൾ
- സംയുക്തരചനയിൽ ഏർപ്പെടൽ; സ്വന്തമായും ആവാം.
- എല്ലാ കുട്ടികളുടെയും രചനകൾ ഉൾപ്പെടുത്തി പുസ്തകരൂപത്തിലാക്കി 'കുഞ്ഞെഴുത്തുകൾ' രൂപീകരിക്കുന്നു.
- കുഞ്ഞെഴുത്തുകൾ പ്രകാശനം ചെയ്യുന്നു.

## റീഡേഴ്സ് തീയറ്റർ

പാഠപുസ്തകത്തിലുള്ളതും അല്ലാത്തതുമായ രചനകൾ നാടകമായി വായിക്കുന്നതിനുള്ള അവസരമാണ് റീഡേഴ്സ് തീയേറ്റർ ഒരുക്കുന്നത്. വായനാചുമതലകൾ വിഭജിച്ചുകൊണ്ട് ടീം എന്ന നിലയിൽ പ്രവർത്തിക്കുന്നു.

പ്രയോജനങ്ങൾ :

* ഭാവം ഉൾക്കൊണ്ട് ശബ്ദവ്യതിയാനത്തോടെ സദസ്സിനു മുമ്പാകെ ഉറക്കെ വായന നടത്തുന്നതിനുള്ള കഴിവ് വളർത്തുക.
* വായനയോടും പുസ്തകങ്ങളോടും താല്പര്യം വർധിപ്പിക്കുക.

പ്രവർത്തനഘട്ടങ്ങൾ

* CPTA യിൽ അവതരിപ്പിക്കൽ. ആദ്യം കുട്ടികളെ പല ഗ്രൂപ്പുകൾ ആക്കുന്നു.
* നിശ്ചിത ഭാഗം ഓരോരുത്തർ വായിക്കുന്നു.
* ഒരു കഥയിലെ കഥാപാത്രങ്ങളുടെ എണ്ണത്തിനനുസരിച്ച് വായനക്കാരെ തീരുമാനിക്കൽ
* കഥാപാത്രങ്ങളെ കണ്ടെത്തൽ
* കഥാപാത്രം പറയേണ്ട സംഭാഷണം എഴുതി തയ്യാറാക്കൽ
* കഥാപാത്രം പറയേണ്ട കാര്യങ്ങൾ തീരുമാനിക്കൽ

* ...ക്കൊണ്ട് കേരം നിറയ്ക്കാനിക്കൽ
* വേദിയിൽ അവതരണം.

## വിലയിരുത്തൽ

പ്രവർത്തനഘട്ടങ്ങൾ

- സ്വയം വിലയിരുത്തൽ
- പരസ്പരം വിലയിരുത്തൽ } താരതമ്യം ചെയ്ത് വിലയിരുത്തുന്നു...
- അധ്യാപികയുടെ വിലയിരുത്തൽ } ചിത്രങ്ങൾ, അനുരൂപീകരണ പ്രവർത്തനങ്ങൾ... നൽകിയുള്ള വിലയിരുത്തൽ (...)
- രക്ഷിതാക്കളുടെ വിലയിരുത്തൽ } CPTA യിൽ, പ്രദർശനം
- സമൂഹത്തിന്റെ വിലയിരുത്തൽ } പ്രദർശനം

ലക്ഷ്യങ്ങൾ :

* ഗണിതപഠനം കൂടുതൽ ആസ്വാദ്യകരമാക്കുന്നു.
* പിന്നോക്കാവസ്ഥ പരിഹരിക്കുന്നു
* വസ്തുതകളെ ഗണിതാശയങ്ങൾ ഉൾപ്പെടുത്തി അവതരിപ്പിക്കുന്നതിനും വ്യാഖ്യാനിക്കുന്നതിനുമുള്ള കഴിവ് വർദ്ധിപ്പിക്കുന്നു.
* സംഖ്യാബോധം, സങ്കലനം, വ്യവകലനം, സംഖ്യാവ്യാഖ്യാനം തുടങ്ങിയ പഠന ശേഷികൾ ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുന്നു.

പ്രവർത്തന വിശദാംശങ്ങൾ

ഗണിത കേളികൾ

അന്താടിസഞ്ചി

ഒന്ന് കൂട്ടിപ്പറയാം

ഗണിത കേളികൾ

- ക്ലാസ്റൂമിൽ ലളിതമായ നിരവധി ഗണിതകേളികൾ നടത്തുന്നു.
- എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നു.
- ജൂൺ മുതൽ മാർച്ച് വരെ തുടരുന്നു.

ഗണിതസഞ്ചി

- രക്ഷിതാക്കളുടെ സഹായത്തോടെ എല്ലാ കുട്ടികൾക്കും ഗണിതസഞ്ചി
- ഗണിതസഞ്ചിയിലേക്കാവശ്യമായ വസ്തുക്കൾ ശേഖരിക്കാനുള്ള നിർദ്ദേശം
- പ്രാധാന്യം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.
- ജൂൺ മുതൽ മാർച്ചുവരെ.

എന്റെ കുഞ്ഞുപുസ്തകം

- എല്ലാ കുട്ടികൾക്കും കുഞ്ഞുപുസ്തകം നിർമ്മിക്കുന്നു.
-

- ജൂൺ മുതൽ മാർച്ചുവരെ

# പരിസരപഠനം

ലക്ഷ്യങ്ങൾ

- കുട്ടികളിൽ ശാസ്ത്രീയമായ അറിവുകൾ വളർത്തിയെടുക്കുക
- ശാസ്ത്രബോധം വളർത്തിയെടുക്കുക.
- നിരീക്ഷണങ്ങളിലൂടെയും പരീക്ഷണങ്ങളിലൂടെയും കണ്ടെത്തലുകൾ നടത്തി നിഗമനങ്ങൾ രൂപീകരിക്കുക.

പ്രവർത്തനങ്ങൾ

* പ്രകൃതിനടത്തം
* ആൽബം നിർമാണം (ശേഖരണം)
* ശാസ്ത്രപതിപ്പുകൾ
* പൂക്കളുടെ നിർമാണം
* ജലക്കളുടെ നിർമാണം
* ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടൽ.

# English

Objectives

* All learners get interested in english learning.
* All engage in games and group level activities.
* Listens to narratives and teacher talks and show sign of understanding.
* Able to comprehend the instructions of the teacher and respond accordingly.
* Familiarise with words denoting vehicles, animals and birds.
* Familiarise words denoting possession (has/have)
* Familiarise with words denoting colours and numbers (1-1
* Familiarise with phatic communication expressions such as Hello, I'm sorry, Thank you, Bye etc...
* Familiarise with

* Able to add more lines to a song by substituting words/phrases.
* Able to read conversations, songs, simple descriptions etc. [illegible]
* construct dialogues related to specific contexts.

## Activities

* Tell stories using puppets
* Asks Simple questions and answer them.
* engaging children in activities by playing games.
* Read stories/passages and asks simple questions about the content.
* Showing pictures and having match them with correct English words.
* Make animal sounds and name the animal in english.
* Role-play; skits etc.
* Write simple sentences to the pictures.
* Rhymes and stories for counting numbers ~~and~~
* colour the picture using the specific colour (Number to specific colours.
* Match the following activities (sentences, words etc using pictures)

# കലാകായിക വിദ്യാഭ്യാസം

കുട്ടികളുടെ സർഗാത്മകത, ചിന്താശേഷി, വൈകാരികനിയന്ത്രണം, ആശയവിനിമയം, ടീം വർക്ക് തുടങ്ങിയ കഴിവുകൾ വികസിപ്പിക്കാൻ കലാവിദ്യാഭ്യാസം സഹായിക്കുന്നു. കുട്ടികളിൽ ആത്മവിശ്വാസം വളർത്തിയെടുക്കുകയും ചെയ്യുന്നു. കുട്ടികളിൽ മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിലും ശാരീരിക ക്ഷമത വർദ്ധിപ്പിക്കുന്നതിലും കായിക വിദ്യാഭ്യാസത്തിന് വളരെയധികം പ്രാധാന്യമുണ്ട്. ഇതിന്റെ ഭാഗമായി ഉദ്യാനങ്ങളൊരുക്കലും പഠനോപകരണ നിർമ്മാണ പ്രവർത്തനങ്ങൾ, ചിത്രരചന, വിവിധതരം കളികൾ, വ്യായാമങ്ങൾ എന്നിവ ഉൾപ്പെടുത്തിയ വിദ്യാഭ്യാസമാണ് കുട്ടികൾക്ക് നൽകിവരുന്നത്. വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന പ്രവർത്തനം കൂടിയാണിത്.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

## ക്ലാസ്സ് 2

ഉള്ളടക്കം


1 ആമുഖം

2. പ്രവർത്തന കലണ്ടർ

3. മലയാള മധുരം

4. സംയുക്ത ഡയറി - സ്വതന്ത്ര ഡയറി

5. പാട്ടരങ്ങ്

6. സചിത്ര പുസ്തകം

7. റിസോഴ്സ് തീയേറ്റർ

8. നാട്ടുവിശേഷം കൂട്ടെഴുത്ത്

9. ക്ലാസ് പത്രം

10. രചനോത്സവം

11. വായനോത്സവം

12. ഭാഷോത്സവം

13. ഗണിതക്കേളികൾ

14. ഗണിത കിറ്റ്

15. പരീക്ഷണങ്ങൾ

16. ലഘുപ്രോജക്ട്

17. പരീക്ഷണ കിറ്റ്

18. രക്ഷിതാക്കൾക്ക് ശില്പശാല

19. വിജയ സ്പർശം

20. പാനീയമേള

21. ഭക്ഷ്യമേള

22. പലഹാരമേള

# പ്രവർത്തന കലണ്ടർ

പ്രവർത്തന കലണ്ടർ - മെയ്

മലയാള മധുരം . - ജൂൺ മുതൽ മാർച്ച്

സംയുക്ത ഡയറി - ജൂൺ മുതൽ മാർച്ച്

പാട്ടരങ്ങ് - ജൂൺ മുതൽ മാർച്ച്

സചിത്ര പുസ്തകം - ജൂൺ മുതൽ മാർച്ച്

റിസോഴ്സ് തിയേറ്റർ - ജൂലൈ മുതൽ മാർച്ച്

## 1 ആമുഖം

എ.എം.എൽ.പി.സ്കൂൾ കളത്തിങ്ങൽപാറയിലെ 2025 - 26 അധ്യയന വർഷം കുട്ടികൾ രണ്ടാം ക്ലാസ്: എ ഡിവിഷനിൽ പഠിക്കുന്നു. ഒന്നിൽ നിന്നും രണ്ടിലേക്ക് വന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠനനിലവാരം ഉറപ്പാക്കേണ്ടതുണ്ട്.ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്.പൊതു വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമഗ്ര ഗുണമേൻമ പദ്ധതിയുടെ ഭാഗമായി ഈ വിദ്യാലയത്തിലെ രണ്ടാം ക്ലാസിലെ അക്കാദമികമാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് കുട്ടികളിൽ പ്രകടമായ മാറ്റം ഉണ്ടാക്കുന്നതിന് വേണ്ടിയാണ്.

## 2 പ്രവർത്തന കലണ്ടർ

ക്രമനമ്പർ - പരിപാടിയുടെ പേര് - നിർവഹണ കാലം

1. പ്രവർത്തന കലണ്ടർ - മെയ്
2. മലയാള മധുരം - ജൂൺ-മാർച്ച്
3. സംയുക്ത ഡയറി-ജൂൺ-മാർച്ച്
4. പാട്ടരങ്ങ് - ജൂൺ -മാർച്ച്
5. സചിത്ര പുസ്തകം - ജൂൺ -മാർച്ച്
6. റീഡേഴ്സ് തിയേറ്റർ - ജൂലൈ - മാർച്ച്
7. നാട്ടുവിശേഷം കൂട്ടെഴുത്ത് - ജൂലൈ - മാർച്ച്
8. ക്ലാസ് പത്രം - ഓഗസ്റ്റ് മുതൽ മാസം ഓരോന്ന് വീതം

7. നാട്ടുവിശേഷം കൂട്ടെഴുത്ത് - ജൂലൈ മുതൽ മാർച്ച്
8. ക്ലാസ് പത്രം - ഓഗസ്റ്റ് മുതൽ മാസം ഓരോന്ന് വീതം
9. രചനോത്സവം - ജൂലൈ മുതൽ ഫെബ്രുവരി വരെ
10. വായനോത്സവം - ജൂൺ മുതൽ മാർച്ച്
11. ഭാഷോത്സവം - ജനുവരി
12. ഗണിത കേളികൾ - ജൂൺ മുതൽ മാർച്ച്
13. ഗണിത കിറ്റ് - ജൂൺ മുതൽ മാർച്ച്
14. പരീക്ഷണങ്ങൾ - ഓരോ മാസവും ഓരോന്ന് വീതം
15. ലഘു പ്രോജക്ട് - ഓരോ മാസവും ഓരോന്ന് വീതം
16. പരീക്ഷണ കിറ്റ് - ജൂൺ മുതൽ മാർച്ച്
17. രക്ഷിതാക്കൾക്ക് ശില്പശാല - ജൂൺ ।
18. വിജയസ്പർശം - ജൂൺ മുതൽ മാർച്ച്
19. പാനീയമേള - ഡിസംബർ
20. ഭക്ഷ്യമേള - ഡിസംബർ
21. പലഹാര മേള - ഡിസംബർ

9. രചനോത്സവം - ജൂലൈ മുതൽ ഫെബ്രുവരി വരെ

10. വായനോത്സവം - ജൂൺ-മാർച്ച്

11. ഭാഷോത്സവം - ജനുവരി-

12. ഗണിത കേളികൾ - ജൂൺ-മാർച്ച്

13. ഗണിത കിറ്റ് - ജൂൺ-മാർച്ച്

14. പരീക്ഷണങ്ങൾ - ഓരോ മാസവും ഓരോന്ന് വീതം

15. ലഘു പ്രോജക്ട് - ഓരോ മാസവും ഓരോന്ന് വീതം

16. പരീക്ഷണ കിറ്റ് - ജൂൺ-മാർച്ച്

17. രക്ഷിതാക്കൾക്ക് ശില്പശാല - ജൂൺ

18. വിജയ സ്പർശം - ജൂൺ - മാർച്ച്

19. പാനീയമേള - ഡിസംബർ

20. ഭക്ഷ്യമേള - ഡിസംബർ

21. പലഹാര മേള - ഡിസംബർ

## 3 : മലയാളം മധുരം

### പ്രവർത്തന ലക്ഷ്യങ്ങൾ

ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനക്ക് അവസരമൊരുക്കുന്നു.

സർഗശേഷി വികസനത്തിന് സാധ്യത ഒരുക്കുന്നു.

ആശയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യത ഒരുക്കുന്നു

ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.

കുഞ്ഞു ചിത്രകഥ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.

പ്രവർത്തന ഘട്ടങ്ങൾ.

എസ്.ആർ.ജിയിൽ അവലോകനം - മെയ് അവസാനം

സി.പി.ടി.എ.യിൽ അവലോകനം - ജൂൺ ആദ്യവാരം

കുട്ടിയും രക്ഷിതാവും ചേർന്ന വായന ആരംഭിക്കുന്നു. ജൂലൈ

വായനോത്സവം - ഓരോ മാസവും;കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി പുസ്തകം - ഓരോ മാസവും

പുസ്തക പ്രകാശനം - ജനുവരി

### ചുമതലകൾ

ക്ലാസ് ടീച്ചർ

രക്ഷിതാവ്

<u>സാമ്പത്തികം</u> PTA , BRC ( RS : 3000 )

## 4 സംയുക്ത ഡയറി

### ലക്ഷ്യപ്രസ്താവനകൾ.

സ്വന്തം അനുഭവങ്ങൾക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.

സ്വന്തം അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കാനുള്ള ശേഷി നേടുന്നു.

സ്വതന്ത്രരചന നടത്തുന്നതിന്

ഭാഷാ ശേഷി വികസിപ്പിക്കുന്നതിന്

പ്രവർത്തന ഘട്ടങ്ങൾ

SRG യിൽ മികച്ച ഡയറിയുടെ അവതരണം. - ജൂൺ ആദ്യവാരം

CPTA യിൽ ഡയറി പരിചയപ്പെടുത്തൽ; രക്ഷിതാവിന്റെ പിന്തുണ ഉറപ്പാക്കൽ - ജൂൺ രണ്ടാം വാരം

എഴുത്തിന്റെ മികവ് രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു. - ജൂലൈ

ടീച്ചർ ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.(അതാത് മാസം)

കൗതുകമുള്ള ഡയറിക്കുറിപ്പുകൾ ക്ലാസിൽ പങ്കു വെക്കുന്നു.

( ജൂൺ - മാർച്ച് വരെ )

- സംയുക്ത ഡയറി പുസ്തക രൂപത്തിൽ മാറ്റുന്നു.( ജനുവരി)
- സംയുക്ത ഡയറി പ്രകാശനം .( ജനുവരി)
- ചുമതല -ക്ലാസ് ടീച്ചർ, രക്ഷിതാവ്.
- സാമ്പത്തികം - CPTA ( RS : 2000 )

## 5 പാട്ടരങ്ങ്

### ലക്ഷ്യപ്രസ്താവനകൾ

താളം മനസ്സിലാക്കി പാഠഭാഗത്തിലുള്ളതും മറ്റ് സമാന കവിതകളും ഈണം നൽകി ഭാവാത്മകമായി അവതരിപ്പിക്കുന്നു.

കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുന്നു. ഒറ്റക്കും സംഘതയും ആവിഷകരിക്കുകയും ചെയ്യുന്നു.

ഈണം താളം ഭാവം ആശയം എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു.

ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ കഴിയുന്നു.

ഭാഷാ പ്രവർത്തനങ്ങൾ സർഗ്ഗാത്മകവും സജീവവുമാക്കുന്നു.

പ്രവർത്തന ഘട്ടങ്ങൾ.

പാട്ടരങ്ങിന്റെ ലക്ഷ്യങ്ങൾ പ്രവർത്തന ക്രമം എന്നിവ SRG യിൽ ചർച്ച (ജൂൺ ആദ്യ വാരം )

പാട്ടരങ്ങ് ഏകദിന ശില്പശാല സംഘടിപ്പിക്കുന്നു.

( ആഗസ്റ്റ് )

കുട്ടികളെ പങ്കാളികളാക്കി പാട്ടരങ്ങ് അവതരിപ്പിക്കൽ സെപ്റ്റംബർ മുതൽ എല്ലാമാസവും ബാലസഭയിൽ

ചുമതല -ക്ലാസ് ടീച്ചർ , രക്ഷിതാവ്

സാമ്പത്തികം – **BRC ( RS : 1000 )**

## 6 സചിത്ര പുസ്തകം.

**ലക്ഷ്യപ്രസ്താവനകൾ -**

- രണ്ടാം ക്ലാസിലെ മുഴുവൻ പാഠ ഭാഗങ്ങളും സചിത്ര പുസ്തക രൂപത്തിൽ അവതരിപ്പിക്കുന്നതിനുള്ള പ്രായോഗിക ധാരണ നേടുന്നു.

- എല്ലാ കുട്ടികൾക്കും സചിത്ര പുസ്തകം വർക്ക് ബുക്കുകൾ ലഭ്യമാക്കുന്നു.

- കുട്ടിക്ക സ്വതന്ത്രരചയിതാക്കളും വായനക്കാരുമായി മാറുന്നു.

- പ്രവർത്തനങ്ങളിൽ പരിസര പഠനം, ഭാഷ, കലാകായിക പ്രവൃത്തി പരിചയം ഉദ്ഗ്രഥന സാധ്യത ഉറപ്പു വരുത്തുന്നു.

പ്രവർത്തന ഘട്ടങ്ങൾ.

- കഴിഞ്ഞ വർഷം അവതരിപ്പിച്ച സചിത്ര പാഠഭാഗങ്ങൾ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുന്നു. മെയ്

- വർക്ക് ബുക്ക് രൂപത്തിലാക്കിയ സചിത്ര ബുക്കുകൾ കുട്ടികൾക്ക് വിതരണം ചെയ്യുന്നു. ആദ്യ 3 യൂണിറ്റുകൾ

( ജൂൺ )

- ഏകദിന രക്ഷാകർതൃ ശില്പശാല സംഘടിപ്പിക്കുന്നു ( ജൂൺ)- സചിത്ര പുസ്തകം അജണ്ടയാക്കിയുള്ള പ്രതിമാസ രക്ഷാകർതൃയോഗങ്ങൾ, വിലയിരുത്തൽ ( എല്ലാ മാസവും )- ഭാഷോത്സവത്തിൽ സചിത്ര ബുക്കുകൾ അവതരിപ്പിക്കൽ ( മാർച്ച് ) - ചുമതല -ക്ലാസ് ടീച്ചർ, രക്ഷിതാവ് -

സാമ്പത്തികം CPTA ( RS : 5000 )

## 7 റീഡേഴ്സ് തിയേറ്റർ

### ലക്ഷ്യപ്രസ്താവനകൾ -

- - രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും റീഡേഴ്സ് തിയേറ്റർ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

- - രണ്ടാം ക്ലാസിലെ മുഴുവൻ കുട്ടികളും മികച്ച വായനക്കാരായി മാറുന്നു.

- - പാഠ പുസ്തകങ്ങളിലെയും ലഘു ബാലസാഹിത്യ കൃതികളിലെയും സന്ദർഭങ്ങളെ റീഡേഴ്സ് തിയേറ്ററിന്റെ ഭാഗമായ് അവതരിപ്പിക്കുന്നു.

- - ഭാഷയിലെ പഠന മുന്നേറ്റത്തിന് സംഗീതം, ശ്രാവ്യ വായന, ഭാവാത്മക വായന തുടങ്ങിയ സങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നു.

- _ പ്രവർത്തന ഘട്ടങ്ങൾ. - - SRG യിൽ ആശയം പങ്കിടൽ (ജൂൺ)

- _CPTA യിൽ ആശയം പങ്കിടൽ പിന്തുണ ഉറപ്പാക്കൽ (ജൂൺ മൂന്നാം വാരം)

- _ ഏകദിന റീഡേഴ്സ് തിയേറ്റർ ശില്പശാല ( ജൂലൈ )

